بسم الله الرحمن الرحيم

# SPEECH of

## *HAZRAT AMIR'UL MUMINEEN MUHYI-UD-DIN MUNIR AHMAD AZIM*

## ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ് യിദ്ദീൻ മുനീർ അഹ്മദ് അസീം

*(26 May 2012 - 05 Rajab 1433 Hijri)*

## 26 മെയ് 2012-ൽ നടത്തിയ പ്രത്യേക പ്രഭാഷണം

ലോകമെങ്ങും ഉള്ള എന്റെ സഹോദരീ സഹോദരന്മാരെ, കുട്ടികളേ, മൗറീഷ്യസിലും കേരളത്തിലും ബീഹാറിലും ഇന്ത്യയിലെ മറ്റുഭാഗങ്ങളിലും, ട്രിനിഡാഡ്, ടുബാഗോ, റോഡ്രിഗ്വീസ് ദ്വീപ്, റീ-യൂണിയൻ ദ്വീപ്, മെയോട്ട്, സെയ്ഷെൽസ്, ജിബൂട്ടി, ക്യാനഡ, ഇംഗ്ലണ്ട്, ലോകത്തിലെ മറ്റിതര പ്രദേശങ്ങളിലും രാജ്യങ്ങളിലും, ഉള്ള ജമാഅത്ത് സഹീഹിൽ ഇസ്‌ലാം അനുവാചകസമൂഹമേ, ദുബായ്,മഡഗാസ്കർ, കോമൊറെസ് രാജ്യങ്ങളിലെ നമ്മുടെ ജമാഅത്ത് അംഗങ്ങളേ, ഇക്കാലഘട്ടത്തിലെ ദൈവീക സന്ദേശത്തിന്റെ യാഥാർത്ഥ്യത്തെ ഇനിയും ഉൾക്കൊള്ളേണ്ടതായിട്ടുള്ള മറ്റു മുസ്‌ലികളെ, ഞാൻ നിങ്ങൾക്കെല്ലാവർക്കും പരമകാരുണികനായ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും നേർന്നു കൊള്ളുന്നു. ഇന്ന് 2012 മെയ് മാസം 26-ാം തീയതിയാണ്. ഇക്കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫയായി ഈ വിനീതൻ ഔദ്യോഗികമായി നിയോഗിതനായിട്ട് ഇന്നേയ്ക്ക് നാലുവർഷം പൂർത്തിയാകുന്നു.

ഈ പരിപാടിയുടെ വീഡിയോ റെക്കോഡിങ്ങലൂടെ നിങ്ങളെ അഭിസംബോധന ചെയ്യാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാദ്ധ്യമായതിനാൽ ഞാൻ ആഹ്ലാദിക്കുന്നു. അല്ലാഹുവിന്റെ ഖലീഫ(ഖലീഫത്തുല്ലാ) എന്ന പദത്തിന്റെ അർത്ഥവും വ്യാപ്തിയും ഞാൻ ഇന്നലത്തെ-2012 മെയ് 25-ാം തീയതി-ഖുത്തുബയിൽ വിശദമാക്കുകയുണ്ടായി. ആ വിഷയം കൂടുതൽ വിശദമാക്കാൻ ആഗ്രഹിയ്ക്കുന്നു.

ഖലീഫത്തുല്ലാ എന്നു പറഞ്ഞാൽ എന്താണ്? ചിന്തിക്കുന്ന ജനങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്ന വലിയൊരു ചോദ്യമാണ് ഇത്. ലോകമെങ്ങും ഉള്ള ബുദ്ധിജീവികൾ ഈ ചോദ്യം ഉന്നയിക്കും. അത്രപെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഈ ആശയത്തിന് ഒരു മൂർത്ത രൂപം നല്കിയിട്ടുള്ളത്, മതങ്ങളിൽ. ഇസ്‌ലാം മാത്രമാണ്. ഒരു ഖലീഫത്തുല്ലായുടെ അവതരണം ഇസ്‌ലാമികമായ പ്രതീക്ഷകളുടെ പൂർത്തീകരണം മാത്രമല്ല, മറിച്ച്, മാനവരാശി മുഴുവൻ പ്രതീക്ഷയോടെ കാത്തിരിയ്ക്കുന്ന ഒരു സംഗതിയുടെ പൂർത്തീകരണം കൂടിയാണ്.

മനുഷ്യസമൂഹത്തിന്റെ പരിഷ്കരണത്തിനായി ദൈവപ്രേഷിതരായ വ്യക്തികൾ അവതരിയ്ക്കും എന്ന വിശ്വാസത്തോടെ ദൈവീകമാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാകാലത്തും മനുഷ്യരെ ദൈവം തമ്പുരാനുമായി ബന്ധിപ്പിച്ചു നിർത്തും എന്നു മുസ്‌ലിംകൾ വിശ്വസിയ്ക്കുന്നു. ആ അർത്ഥത്തിൽ, മതങ്ങളിൽ, ഇസ്‌ലാം പുലർത്തുന്ന ഒരു സവിശേഷതയാണ് ഈ വിശ്വാസം.

മനുഷ്യനും ദൈവവും തമ്മിലുള്ള സുപ്രധാന ബന്ധത്തെ സൂചിപ്പിക്കുന്ന പ്രവാചകത്വം ഹസ്രത്ത് മൂസ(അ) യോടു കൂടി അവസാനിച്ചു എന്നാണ് യഹൂദന്മാർ വിശ്വസിയ്ക്കുന്നത്.ഹസ്രത്ത് ഈ സാ(അ) യുടെയും ഹസ്രത്ത് മുഹമ്മദ് നബി(സ) യുടെയും പ്രവാചകത്വത്തിൽ അവർ വിശ്വസിക്കുന്നില്ല. ക്രിസ്ത്യാനികളാകട്ടെ, ഈസാ നബി(അ) യ്ക്കപ്പുറം ചിന്തിക്കുന്നേയില്ല. എത്ര നിർഭാഗ്യകരം; മുസ്‌ലിംകളാവട്ടെ, ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനു വേണ്ടി അവസാനകാലത്ത് ആരെങ്കിലും അവതരിക്കും എന്നുള്ള, തിരുനബി(സ)യുടെ പ്രവചനങ്ങളെ വ്യാജമെന്നു മുദ്ര കുത്താൻ പരിശ്രമിയ്ക്കുന്നു. മുസ്‌ലിംകൾ പല കക്ഷികളായി പിരിഞ്ഞിരിക്കുന്നു ഈ വിഭാഗങ്ങൾ എല്ലാം തന്നെ ദിവ്യവെളിപാടുകളുടെ പാത അടച്ചു കളഞ്ഞു. പരിഷ്കർത്താക്കളും പ്രവാചകന്മാരും മുസ്‌ലിംകളിൽ അവതരിക്കാനുള്ള വഴി അവർ അങ്ങനെ അടച്ചു കളഞ്ഞു. മുസ്‌ലിംകൾ നബിതിരുമേനി(സ)യെ അന്ത്യ പ്രവാചകനായി കരുതുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം പ്രവാചക പ്രഭു മുഹമ്മദ്നബി (സ) യുടെ വരവോടെ അവസാനിച്ചുവെന്നും പ്രവാചകത്വ പരിസമാപ്തി സംഭവിച്ചുവെന്നും അവർ വിശ്വസിയ്ക്കുന്നു. വാഗ്ദത്തമസീഹ് ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) ന്റെ അനുചരവൃന്ദമാകട്ടെ പ്രവാചകത്വവും മസീഹു മാരുടെ വരവും അവസാനിച്ചുവെന്നും

അദ്ദേഹമാണ് അവസാനത്തെ മസീഹ് എന്നും വിശ്വസിയ്ക്കുന്നു ഇപ്പോൾ.

വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു. നാം പറഞ്ഞു. നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങി പോകൂ. പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെയടുക്കൽ എന്നിൽ നിന്നുള്ള മാർഗ്ഗദർശനം വരികയാണെങ്കിൽ, അപ്പോൾ ആര് എന്റെ മാർഗദർശനത്തെ പിന്തുടരുന്നുവോ, അവർക്ക് (ഭാവിയെപ്പറ്റി) യാതൊരു ഭയവുമുണ്ടാകുന്നതല്ല. അവർ (കഴിഞ്ഞതിനെപ്പറ്റി) വ്യസനിക്കുന്നതുമല്ല.(2:39)

അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗദർശനം മുഴുവൻ മനുഷ്യരാശിയ്ക്കു വേണ്ടിയാണ്. ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ നബികരിം ഹസ്രത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ദൗത്യം മുഴു ലോകത്തിനും വേണ്ടിയായിരുന്നുവല്ലോ ലോകത്തിന്റെയും ഇസ്ലാമിന്റെയും പരിഷ്കരണത്തിനായി വരുന്ന അല്ലാഹുവിന്റെ ഖലീഫമാർക്ക് പരിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് ജീവചൈതന്യം നല്കാൻ ബാദ്ധ്യതയുണ്ട്. അന്ത്യവിധി നാൾ വരെയുള്ള കാലത്ത്, യഥാർത്ഥ ആത്മീയ ജീവിതം ലോകത്ത് കാട്ടിത്തരുക അല്ലാഹുവിന്റെ ഖലീഫമാരായിരിക്കും.

മതപുനരുദ്ധാരണത്തിന് ഒരു പരിഷ്കർത്താവ് അവതരിയ്ക്കുമെന്ന ആശയം/ വിശ്വാസം ഇസ്ലാമിന് അന്യമായിട്ടുള്ളതല്ല തന്നെ. വിശ്വമതങ്ങളിലെല്ലാം-ക്രിസ്തുമതം,ബുദ്ധമതം, യഹൂദമതം, പാർസിമതം-ഈ ആശയം/വിശ്വാസം കാണാവുന്നതാണ്. ഖലീഫത്തുല്ലായുടെ അന്തസ്സത്തയെക്കുറിച്ചുള്ള അന്വേഷണം ജാതി, വിഭാഗം, രാജ്യം തുടങ്ങിയ വ്യത്യാസങ്ങൾ ഇല്ല. ഈ അന്വേഷണം ലോകത്തെല്ലായിടത്തുമുണ്ട്. അല്ലാഹുവിന്റെ ഖലീഫ മുഴുലോകത്തിനും വേണ്ടി തന്നെയാണ് നിയോഗിക്കപ്പെടുന്നത്. അല്ലാഹുവിൽ നിന്നുള്ള പ്രകാശവും മഹത്വവും ആയിട്ടാണ് അവന്റെ ഖലീഫ അവതരിയ്ക്കുക. മനുഷ്യരാശിയുടെ ഇടുങ്ങിയ വിഭാഗീയ ചിന്താഗതികൾക്കും സങ്കുചിത സങ്കല്പങ്ങൾക്കും അതീതനായ അദ്ദേഹം എല്ലാവർക്കും വേണ്ടിയാണ് വരിക.

ഖലീഫത്തുല്ലാ ഇസ്ലാമിക വിശ്വാസത്തിന്റെ പൂർത്തീകരണമായി അവതരിയ്ക്കുന്ന ഒരു പ്രതിഭാസം മാത്രമല്ല. എല്ലാ മതങ്ങളുടെയും അദ്ധ്യാപനങ്ങളിൽ പറയുന്ന, മാനവരാശി പ്രതീക്ഷയോടെ ഉറ്റു നോക്കുന്ന ഒരു മഹദ് ആശയത്തിന്റെ പ്രതീകം കൂടിയാണ്. അല്ലാഹുവിൽ നിന്ന് ഒരു തുറന്ന പുസ്തകം പോലെ അദ്ദേഹം എത്തുന്നു. അല്ലാഹുവിൽ നിന്നു ലഭിയ്ക്കുന്ന വ്യക്തമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, മതവ്യത്യാസങ്ങൾക്കതീതമായി, എല്ലാ വിഭാഗം ജനങ്ങളുമായും ദിവ്യ സന്ദേശം അദ്ദേഹം പങ്കുവെയ്ക്കും.

അല്ലാഹുവിന്റെ ഖലീഫയുടെ വരവിനായ് ജനങ്ങൾ കാത്തിരിയ്ക്കുന്നു. അവരുടെ പ്രയാസങ്ങളിൽ നിന്ന് അവർക്കു ആശ്വാസം ലഭിയ്ക്കുന്ന പരിഹാരങ്ങൾക്കായി ജനങ്ങൾ ദൈവീക പ്രതിഭാസത്തിന്റെ വരവിനായ് കാത്തിരിയ്ക്കുന്നു. പലവിധ പ്രശ്നങ്ങളും പ്രയാസങ്ങളും സഹിക്കേണ്ടി വന്നാലും, അല്ലാഹുവിന്റെ ഖലീഫയുടെ സന്ദേശം മനസ്സിലാക്കുന്ന ജനങ്ങൾ, അദ്ദേഹത്തെ സ്വീകരിക്കാൻ തയ്യാറാകും. ആത്യന്തിക ലക്ഷ്യം പ്രാപിക്കാൻ അതിലൂടെ അവർക്ക് കഴിയും. ചരിത്രത്തിലൂടെ, മാനവരാശിയുടെ നീണ്ട യാത്ര പരിശോധിച്ചാൽ ശാന്തിയുടെയും സമാധാനത്തിന്റെയും സംതൃപ്തിയുടെയും തുരത്തുകളായി ദൈവീക ദാസന്മാരുടെ സംഘങ്ങളെ വിലയിരുത്താം. ഖലീഫത്തുല്ലായ്ക്ക് ലഭിയ്ക്കുന്ന സന്ദേശങ്ങൾ അല്ലാഹുവിൽ നിന്നാണ് അവതരിയ്ക്കുന്നതെന്ന് വിശ്വാസികൾക്കറിയാം. ഈ സന്ദേശം മുഴുലോകത്തിനും വേണ്ടിയുള്ളതാണെന്ന് അവർ അംഗീകരിക്കുന്നു. നിയമപുസ്തകവും ആയിവന്ന അല്ലാഹുവിന്റെ അവസാനത്തെ പ്രവാചകനായ ഹസ്രത്ത് മുഹമ്മദ് നബി(സ) യുടെ ദിവ്യദൗത്യത്തിൽ നിന്ന് ഇഴപിരിക്കാനാകാത്ത വിധം അലിഞ്ഞു ചേർന്നിരിയ്ക്കുന്നതാണ് ഖലീഫത്തുല്ലയുടെ ദൗത്യം എന്നും ജനങ്ങൾ മനസ്സിലാക്കുന്നു.

ശാന്തിപൂർണ്ണവും സമാധാന പൂരിതവും ആയ ഭാവിയെപ്പറ്റിയുള്ള ബോധം പ്രകൃത്യാതീതമായ ഇത്തരം ആത്മീയ പ്രതിഭാസങ്ങളിൽ വിശ്വസിക്കുന്നവരിൽ മാത്രം ചുരുങ്ങിയ ഒരു കാര്യമല്ല. മനസ്സിന്റെ കണ്ണാടിയിൽ വ്യക്തമാകാതെ പോയ കാര്യങ്ങളുടെ അസ്ഥിത്വത്തെ തന്നെ പൂർണ്ണമായും നിഷേധിക്കുന്ന ആശയവാദങ്ങളും ആൾദൈവ സഭകളും വരെ ഇക്കാര്യത്തെ ശാന്തിപൂർണ്ണമായ ഭാവിയെപ്പറ്റി- അംഗീകരിയ്ക്കുന്നു. ഉദാഹരണമായി പറഞ്ഞാൽ, ഭൗതികവാദം ചരിത്രത്തെ വ്യാഖ്യാനിക്കുന്നത് താത്പ്പര്യങ്ങളുടെ വൈരുദ്ധ്യങ്ങളെ അടിസ്ഥാനമാക്കിയാണ്.അവസാനം, വൈരുദ്ധ്യങ്ങൾ പോയി പരിപൂർണ്ണ സമാധാനവും ശാന്തിയും നിലവിൽ വരുമെന്നും അത് ഏറെക്കാലം ശാന്തിപൂർണ്ണമായ അവസ്ഥയിൽ തുടരും എന്നും സങ്കല്പ്പിക്കുന്നു. ചരിത്രത്തിലെ വൈരുദ്ധ്യങ്ങൾ മാനവ സമൂഹത്തിന്റെ ഏറ്റവും ആഴത്തിലുള്ള മാനസിക അനുഭവങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്. ഖലീഫത്തുല്ല എന്ന ആശയം മുസ്ലിം സമൂഹത്തിന്റെ ആത്മീയ ആവശ്യങ്ങൾ പൂർത്തീകരിയ്ക്കാൻ വേണ്ടി മാത്രമുള്ളതല്ല. ചരിത്രത്തിന്റെ പ്രഭാത കാലം മുതൽ, ദൈവീകാവതാരത്തെ സംബന്ധിച്ച് മാനവസമൂഹത്തിലുള്ള ധാരണകൾക്ക് ഇസ്ലാമിലൂടെ, നടപ്പിലാക്കിയ വിശദമാക്കിയ സവിശേഷതകൾ ഇതു സംബന്ധിച്ച ആത്മീയ പ്രതീക്ഷകളോട് നീതിപുലർത്തുന്നതാണ്.

അടിച്ചമർത്തപ്പെട്ടവരും പീഡിതരും ആയ ജനങ്ങളുടെ വികാരങ്ങൾക്കും ചിന്തകൾക്കും അനുപൂരകമായ നിലപാടുകൾ മാനിയ്ക്കപ്പെടും.

അത്രവ്യക്തമല്ലാത്ത ഈ ദാർശനിക പ്രതീക്ഷകൾക്ക് പ്രത്യേക രൂപഭാവങ്ങൾ നല്കിയത് ഇസ്ലാം മതമാണ്. ജനതയുടെ ദീർഘകാല ഭാവി താത്പ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ കരുക്കൾ ഇസ്ലാം മുന്നോട്ടു വയ്ക്കുന്നു. എന്റെ സഹോദരീ സഹോദരന്മാരെ, രക്ഷകൻ നിങ്ങളുടെയടുക്കൽ തന്നെയുണ്ട്. അദ്ദേഹത്തിന്റെ വരവിനുള്ള സാഹചര്യങ്ങളും കാലവും സജ്ജമായോ എന്നു പരിശോധിക്കുക. അങ്ങനെയൊരാൾ അവതരിയ്ക്കാൻ അദ്ദേഹത്തിന്റെ മഹത്തായ സന്ദേശം ജനങ്ങളിലെത്തിയ്ക്കാൻ സമയമായോ എന്നന്വേഷിക്കുക. ഈ തത്വം ഭാവിയിൽ കൂടി ഉപയോഗപ്പെടുത്താം. അല്ലാഹുവിൽ നിന്ന് മറ്റ് ഖലീഫമാർ വരുമ്പോൾ പ്രയോഗിക്കാം. അതിലൂടെ തക്കസമയത്ത് തന്റെ ദൂതന്മാരെയും ഖലീഫമാരെയും അയയ്ക്കും എന്ന വാഗ്ദാനം ചെയ്ത അല്ലാഹുവിന്റെ വാക്കിനോട് ശരിയ്ക്കും കൂറു പുലർത്തുന്നവരും നന്ദിയുള്ളവരും ആയിരിയ്ക്കാൻ നമുക്കു പരിശ്രമിയ്ക്കാം.

ഖലീഫത്തുല്ല നമുക്കിടയിൽ ജീവിയ്ക്കുന്ന ഒരു മനുഷ്യനാണ്. അദ്ദേഹം നമ്മുടെ പ്രതീക്ഷകളെയും പരാജയങ്ങളെയും സുഖദു:ഖങ്ങളെയും പങ്കുവെച്ചു കൊണ്ട് നമുക്കിടയിൽ ജീവിയ്ക്കുന്നു. ഭൂമിയ്ക്കുമേൽ നടത്തപ്പെട്ടു കൊണ്ടിരിക്കുന്ന പീഢനങ്ങളും മർദ്ദനങ്ങളും എല്ലാം ഒരു സാക്ഷിയായി അദ്ദേഹം കണ്ടു കൊണ്ടിരിക്കുന്നു. ഒരു തലത്തിൽ അല്ലെങ്കിൽ മറ്റു വിധത്തിൽ, അദ്ദേഹം ഈ പ്രശ്നങ്ങളാൽ ബന്ധിതനുമാണ്. തന്റെ സഹായഹസ്തം വേദനിയ്ക്കുന്ന ഒരാത്മാവിനു വേണ്ടി നീട്ടി കൊടുക്കുവാൻ ഖലീഫത്തുല്ലാ ഉൽകണ്ഠയോടെ കാത്തിരിയ്ക്കുന്നു. അനീതിയും പീഢനവും തുടച്ചു മാറ്റണമെന്നു അദ്ദേഹം അതിയായ് ആഗ്രഹിക്കുന്നു.ഖലീഫത്തുല്ലായുടെ കർത്തവ്യം, ദിവ്യസന്ദേശം എത്തിക്കുക എന്നതു മാത്രമാണ് അല്ലാഹുവിന്റെ സന്ദേശം നിരാകരിയ്ക്കുന്ന കാര്യത്തിൽ അവർ നിലകൊള്ളുകയാണെങ്കിൽ, അത്തരക്കാരേ ശിക്ഷിക്കണോ എന്നു തീരുമാനിക്കുക, അല്ലാഹു(ത) തന്നെയാണ്. അല്ലാഹുവിലേക്കു തിരിയുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നവർക്ക് പൊറുത്തു കൊടുക്കുവാൻ തീർച്ചയായും അവൻ കഴിവുള്ളവൻ തന്നെ.

സംഭവിയ്ക്കുന്ന ഓരോ കാര്യങ്ങളും ദൈവീകശിക്ഷയാകുമോ? വിശദമായ അന്വേഷണത്തിനും ശേഷമേ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. ദൈവീക താക്കീതുകൾ തീർച്ചയായും ഒരു പ്രവാചകനോ ഖലീഫത്തുല്ലയോ ജനങ്ങൾക്കു മുമ്പാകെ വച്ചിട്ടുണ്ടാവും. യഥാർത്ഥ വിശ്വാസികളെ ഇതൊന്നും ബാധിക്കുകയില്ല. മനുഷ്യരാശി ഒരു മാറ്റത്തിനു തയ്യാറാകും വരെ അടയാളങ്ങളുടെ പരമ്പര തുടർന്നു കൊണ്ടിരിക്കും.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു;

‘‘ ഒരു ദൃഷ്ടാന്തവും അതിന്റെ മുമ്പിലുള്ള ദൃഷ്ടാന്തത്തെക്കാൾ മഹത്തരമായിട്ടല്ലാതെ നാം അവർക്ക് കാണിച്ചു കൊടുത്തിരുന്നില്ല. അവർ മടങ്ങുന്നതിനായി നാം അവരെ ശിക്ഷകൊണ്ടു പിടി കൂടുകയും ചെയ്തു ’’.(43:49)

വിശ്വാസത്തിനും ഖലീഫത്തുല്ലയ്ക്കും എതിരിൽ ഒരു ജനത നടത്തുന്ന പ്രവർത്തനങ്ങളും അവയുടെ തീവ്രതയും അല്ലാഹുവിന്റെ അടയാളങ്ങളെ അവർ നിരാകരിച്ചുവെന്നതിന്റെ സൂചനയായി കണക്കാക്കിയേക്കാം. അവരുടെ പ്രവർത്തിയുടെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ് ടിയും വരാം. സമൂഹം അവരുടെ ദുഷ്വൃത്തികൾ ഉപേക്ഷിക്കും വരെ അല്ലാഹു (ത) അവനുദ്ദേശിക്കുന്നതു പോലെ അവരെ പരീക്ഷണങ്ങൾക്കും വിധേയരാക്കും. ഒന്നിനു പുറകെ മറ്റൊന്നായ്.

ഈ ദുരന്തങ്ങൾ മൂലം കഷ്ടപ്പെടുന്ന ജനങ്ങൾക്കായ് നമ്മൾ പ്രാർത്ഥിയ്ക്കണം. പ്രകൃതി നശീകരണത്തിലൂടെ ദൈവീക ശിക്ഷകളിലെന്ന പോലെ, സംഭവിക്കുന്ന ദുരന്തങ്ങളോ, ആത്മീയ ചൈതന്യം ചോർന്നു പോകുന്നതിലൂടെ സംഭവിക്കുന്ന വൈയക്തിക ദുരന്തങ്ങളോ ആകട്ടെ ഏതായാലും, നാം പ്രാർത്ഥിക്കണം. ചിലർ പ്രകൃതി ദുരന്തങ്ങൾ എന്നു വിളിക്കുന്ന സംഭവങ്ങൾ പരിശോധിക്കുക. അല്ലാഹുവിന്റെ സന്ദേശത്തിലേയ്ക്കും അവയെത്തിക്കുന്ന ഖലീഫത്തുല്ലയിൽ നിന്നും ജനങ്ങൾ പിന്തിരിഞ്ഞു പോകയും അനുസരണക്കേട് കാട്ടുകയും ചെയ്യുന്ന കാലത്ത് ദൈവം ഇത്തരം ദുരന്തങ്ങളിലൂടെ ജനങ്ങൾക്ക് ചില അടയാളങ്ങൾ കാണിക്കുകയാണെന്നു മനസ്സിലാക്കാം.അതുകൊണ്ട് ഈ ദുരന്തങ്ങളെയെല്ലാം നമുക്കായുള്ള ഒരു താക്കീതായി കണക്കാക്കുക. മുസ്ലിം സമുദായത്തിന്, സഹീഹിൽ ഇസ്ലാം ജമാഅത്തിന്, ലോകത്തിന്റെ പരിഷ്കരണത്തിനും സമൂല പരിവർത്തനത്തിനും വേണ്ടി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിതം ഉണ്ട്. നവലോക സൃഷ്ടിക്കായി ഉണരുക.

മതത്തെ എല്ലാ ആത്മീയരോഗങ്ങളിൽ നിന്നും സംശുദ്ധമാക്കി വയ്ക്കുക. പരിശുദ്ധ ഖുർ ആനും തിരുസുന്നത്തും വിഭാവന ചെയ്യുന്ന സഹവർത്തിത്വത്തിന്റേയും നീതിയുടെയും തുലാസ് ഉയർത്തിപ്പിടിക്കുന്ന ഒരു വ്യവസ്ഥ കെട്ടിപ്പടുക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുക.

എല്ലാ മുസ്ലിം വിഭാഗങ്ങളും തങ്ങളുടെ വ്യക്തി ജീവിതം ഇസ് ലാമിന്റെ ഉന്നത അദ്ധ്യാപനങ്ങൾക്കും ഉദാത്തമായ വീക്ഷണങ്ങൾക്കും അനുപൂരകമായി കരുപിടിപ്പിക്കുക. ദീനിന്റെ സേവനത്തിനായി തങ്ങളെത്തന്നെ അർപ്പിക്കുക. അല്ലാഹു(ത) അവർക്കായ് അയയ്ക്കുന്ന ഖലീഫത്തുല്ലായെ സ്വീകരിക്കുവാൻ തയ്യാറാവുക.

മഹോന്നതനായ അല്ലാഹു(ത) അവന്റെ ദൈവീക ശിക്ഷയിൽ നിന്നു ജനങ്ങളെ രക്ഷിക്കട്ടെ. മതാദ്ധ്യാപനങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കാൻ അവരെ സഹായിക്കട്ടെ. ദൈവീക പ്രതിഭാസത്തെ തിരിച്ചറിയാനും ഇക്കാലഘട്ടത്തിലെ ഖലീഫത്തുല്ലായെ സ്വീകരിക്കുവാനും തൗഫീക്ക് നല്കട്ടെ, ഇൻശാ അല്ലാഹ്. അല്ലാഹുവിന്റെ കോപത്തിൽ നിന്നും ശിക്ഷയിൽ നിന്നും ജനങ്ങൾക്ക് രക്ഷയുടെ മാർഗ്ഗം സ്വീകാര്യമാവട്ടെ, ഇൻശാ അല്ലാഹ്, ആമീൻ, ആമീൻ.

*Translated by:* *Fazil Jamal, India*

*Issued by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Phone: 0475-2252530, 9447001832*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*